ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026 പ്രധാനമന്ത്രി നരേന്ദ്രമോദി മുംബൈയിൽ ഉദ്ഘാടനം ചെയ്യു; ലോക രാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയോടുള്ള വിശ്വാസം വർധിച്ചു വരികയാണെന്ന് പ്രധാനമന്ത്രി.
   Prime Minister Narendra Modi inaugurates the Global Fintech Fest 2026 in Mumbai; PM says the world's trust in India is continuously growing.

2. ബ്രിക്സ് ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും ഉഭയകക്ഷി ചർച്ച നടത്തും.
   Prime Minister Narendra Modi and Russian President Vladimir Putin to hold bilateral talks on the sidelines of the BRICS Summit.

3. ശ്രീലങ്കയുമായുള്ള പ്രതിരോധ-സമുദ്ര സുരക്ഷാ സഹകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് കൊളംബോയിലെത്തി.
   RajyaRaksha Mantri Rajnath Singh arrives in Colombo to strengthen defense and maritime security cooperation with Sri Lanka.

4. ദേശീയപാതകളിലെ അപകടങ്ങൾ ഇല്ലാതാക്കാൻ കേരളത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മൂന്ന്

ദിവസത്തിനകം പ്രത്യേക സമിതികൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം.

State government decides to form special committees headed by District Collectors within three days to eliminate national highway accidents in Kerala.

5. കേരളത്തിൽ കനത്ത ചൂട് തുടരുന്നു; ഇന്നും നാളെയും താപനില ഉയരാൻ സാധ്യത; വരും ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പ്.

Severe heat continues in Kerala; temperatures likely to rise today and tomorrow, rain expected in the coming days.

6. അഹമ്മദാബാദിൽ നടക്കുന്ന ലോക പാരാ ആർച്ചറി മത്സരങ്ങളിൽ ഇന്ത്യയ്ക്ക് ഇന്ന് രണ്ട് സ്വർണമുൾപ്പെടെ അഞ്ച് മെഡലുകൾ.

India bags five medals including two gold at the World Para Archery Championship in Ahmedabad today.

## PM-GFF MUMBAI EARLY

മുംബൈയിൽ സംഘടിപ്പിച്ച 'ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026' പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.നൂതന ആശയങ്ങൾക്കും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനും മുൻഗണന നൽകിക്കൊണ്ട് ഇന്ത്യ തങ്ങളുടെ ഫിൻടെക് പ്രയാണം പുതിയ ഉയരങ്ങളിലേക്ക് നയിക്കുകയാണെന്ന് പറഞ്ഞു. ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയോടുള്ള വിശ്വാസം വർധിച്ചു വരികയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നും എത്തിയ എല്ലാ വിശിഷ്ടാതിഥികളെയും പ്രതിനിധികളെയും അദ്ദേഹം അഭിനന്ദിച്ചു.

## PM-NAVSARI

സാമൂഹിക സേവനവും ശുചിത്വവും ദൈനംദിന ശീലമാക്കാൻ പൗരന്മാരും ജനപ്രതിനിധികളും മുന്നോട്ടുവരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നവ്സാരിയിൽ ബി.ജെ.പിയുടെ പുതിയ ഓഫീസിന്റെ ഉദ്ഘാടനത്തിന് ശേഷം പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വികസന പദ്ധതികളുടെ ആനുകൂല്യങ്ങൾ സമൂഹത്തിലെ അവസാന വ്യക്തിയിലേക്കും എത്തുമ്പോഴാണ് യഥാർത്ഥ വികസനം സാധ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PREZ - NATIONAL FILM AWARDS

72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം 22 ന് ഗുജറാത്തിലെ ഏക്താ നഗറിൽ സമ്മാനിക്കും. ആർട്ടിക്കിൾ 370 ആണ് മികച്ച ചിത്രം. മികച്ച നടനുള്ള പുരസ്കാരം മമ്മൂട്ടിയും കാർത്തിക് ആര്യനും സ്വീകരിക്കും. യാമി ഗൗതമാണ് മികച്ച നടി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PM - GUJARAT (INTRO)

ആഗോള ഉൽപാദന കേന്ദ്രം എന്ന തലത്തിലേക്ക് ഇന്ത്യ ഉയർന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ രാജ്യത്ത് പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതായും അദ്ദേഹം വ്യക്തമാക്കി. ഗുജറാത്തിലെ വഡോദരയിൽ 35,000 കോടി രൂപയിലധികം വികസന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി.

(വോയ്സ്)

## GOVT- PM -SETU

രാജസ്ഥാൻ, ഉത്തർപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലെ ഐ.ടി.ഐ ക്ലസ്റ്ററുകൾക്കായി 735 കോടിയിലധികം രൂപയുടെ തന്ത്രപ്രധാന നിക്ഷേപ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകി. പി എം സേതു പദ്ധതിയുടെ അഞ്ചാമത് നാഷണൽ സ്റ്റീയറിംഗ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം.

## INDIA- RUSSIA

ബ്രിക്സ് ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും ഉഭയകക്ഷി ചർച്ച നടത്തും. റഷ്യൻ പ്രതിനിധി ദിമിത്രി പെസ്കോവ് ആണ് ഇക്കാര്യം അറിയിച്ചത്. ഏറ്റവും പ്രധാനപ്പെട്ട ആഗോള രാഷ്ട്രമായാണ് ഇന്ത്യയെ റഷ്യ കാണുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. ഈ മാസം 12, 13 തീയതികളിൽ ന്യൂഡൽഹിയിലാണ് ബ്രിക്സ് ഉച്ചകോടി നടക്കുക.

## RAJNATH-SRI LANKA VISIT

ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ, സമുദ്ര സുരക്ഷാ സഹകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ശ്രീലങ്കയിലെത്തി. കൊളംബോയിലെ ഭണ്ഡാരനായികെ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തെ ശ്രീലങ്കൻ ഉപപ്രതിരോധ മന്ത്രി അരുണ ജയശേഖരയും ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝായും ചേർന്ന് സ്വീകരിച്ചു. സന്ദർശന വേളയിൽ ശ്രീലങ്കൻ ഭരണനേതൃത്വവുമായും ഇന്ത്യൻ സമൂഹവുമായും രാജ്നാഥ് സിംഗ് ചർച്ച നടത്തും.

## COURT-RAHUL GANDHI

പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരായ പരാമർശത്തിൽ കോൺഗ്രസ് എം.പി രാഹുൽ ഗാന്ധിക്കെതിരായ മാനനഷ്ടക്കേസ് റദ്ദാക്കാനാകില്ലെന്ന് ബോംബെ ഹൈക്കോടതി. വിചാരണക്കോടതി പുറപ്പെടുവിച്ച സമൻസ് ചോദ്യം ചെയ്ത് രാഹുൽ നൽകിയ ഹർജി ജസ്റ്റിസ് എൻ.ആർ. ബോർക്കറുടെ സിംഗിൾ ബെഞ്ച് തള്ളി. എന്നാൽ, സുപ്രീം കോടതിയെ സമീപിക്കുന്നതിനായി മജിസ്ട്രേറ്റ് കോടതി നടപടികൾ നിർത്തിവെച്ച മുൻ ഉത്തരവ് ആറാഴ്ചത്തേക്ക് കൂടി ഹൈക്കോടതി നീട്ടി നൽകിയിട്ടുണ്ട്. റഫാൽ ഇടപാടുമായി ബന്ധപ്പെട്ട് 2018-ൽ നടത്തിയ പരാമർശങ്ങളുടെ പേരിലാണ് രാഹുൽ ഗാന്ധിക്കെതിരെ മാനനഷ്ടക്കേസ് ഫയൽ ചെയ്തത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PK BASHEER

കേരളത്തിൽ ദേശീയപാതകളിലെ അപകടങ്ങൾ ഇല്ലാതാക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മൂന്ന് ദിവസത്തിനകം പ്രത്യേക സമിതികൾ നിലവിൽ വരുമെന്ന് പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ. ഓരോ ജില്ലയിലെയും ദേശീയപാത നിർമാണവും സുരക്ഷയും സമിതി വിലയിരുത്തും. റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത അടിയന്തര യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. റോഡപകടങ്ങളിലൂടെയുള്ള ജീവഹാനി ആവർത്തിക്കാതിരിക്കാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## CMRL- REACTION

സി.എം.ആർ.എൽ - എക്സാലോജിക് പണമിടപാട് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻ, മകൾ വീണ, മകളുടെ ഭർത്താവും മുൻമന്ത്രിയുമായ പി.എ. മുഹമ്മദ് റിയാസ് തുടങ്ങിയവർക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് ഡി.ജി.പിക്ക് റിപ്പോർട്ട് നൽകി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്. അഴിമതി തടയൽ നിയമപ്രകാരം കേസെടുക്കണമെന്നാണ് നിർദ്ദേശം. ഓരോരുത്തർക്കും കുറ്റകൃത്യത്തിലുള്ള പങ്ക് റിപ്പോർട്ടിൽ പറയുന്നുണ്ട്.

കേസ് എടുക്കുന്നത് സംബന്ധിച്ച് ആഭ്യന്തര സെക്രട്ടറി പരിശോധിച്ചു റിപ്പോർട്ട് നൽകുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. അതെസമയം, ഇ ഡി നിർദേശത്തിൽ പിണറായി വിജയൻ ഉൾപ്പെടെയുള്ളവർക്കെതിരെ സംസ്ഥാന സർക്കാർ ഉടൻ കേസെടുക്കണമെന്ന് BJP നേതൃത്വം ആവശ്യപ്പെട്ടു. എന്നാൽ വിഷയം നിയമപരമായി നേരിടുമെന്ന് സി പി ഐ എം നേത ്യത്വം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PIB PRESS TOUR INVEST CEO (INTRO)

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഉത്തർപ്രദേശിലേക്ക് സംഘടിപ്പിച്ച പര്യടനത്തിന്റെ ഭാഗമായി കേരളത്തിൽ നിന്നുള്ള മാധ്യമസംഘം ഇൻവെസ്റ്റ് യുപി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിജയ് കിരൺ ആനന്ദുമായി ലഖ്നൗവിൽ കൂടിക്കാഴ്ച നടത്തി.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## KERALA RAIN

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഇന്നും നാളെയും താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. അതേസമയം

ബംഗാൾ ഉൾക്കടലിലെ ന്യൂന മർദ്ദ സാധ്യതയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് വരുംദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പുണ്ട്. മറ്റന്നാൾ ആലപ്പുഴ, എറണാകുളം

ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MEA BRIEFING (INTRO)

ഇന്ത്യയും ചൈനയും തമ്മിൽ ആദ്യത്തെ ഉന്നത മിലിട്ടറി കമാൻഡർ തല ഫ്ലാഗ് മീറ്റിംഗ് നടന്നതായി വിദേശകാര്യമന്ത്രാലയം. ഈ മാസം ആറാം തീയതി അരുണാചൽ പ്രദേശിലെ വാച്ചയിലും, ഇന്നലെ ചൈനീസ് അതിർത്തിയിലെ ദാമയിലുമാണ് ഫ്ലാഗ് മീറ്റിംഗ് നടന്നത്. റഷ്യ-യുക്രെയ്ൻ സംഘർഷം അവസാനിപ്പിക്കുന്നതിനായി നിരവധി ആശയങ്ങളും നിർദേശങ്ങളും ഇന്ത്യ ഇരുകക്ഷികളെയും അറിയിച്ചതായും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. മിന്നൽ പ്രളയമുണ്ടായ നേപ്പാളിന് ദുരിതാശ്വാസ - പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇന്ത്യയുടെ പിന്തുണ തുടരുമെന്നും ശ്രീ. ജയ്സ്വാൾ അറിയിച്ചു.

( വോയിസ്...)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## DAY WORLD PARA ARCHERY

അഹമ്മദാബാദിൽ നടക്കുന്ന ലോക പാരാ ആർച്ചറി മത്സരങ്ങളിൽ ഇന്ത്യയ്ക്ക് രണ്ട് സ്വർണം. പാരാ റിക്കർവ് പുരുഷ ഡബിൾസിൽ സ്ലോവാക്യയെ 6-2 എന്ന സ്കോറിന് പരാജയപ്പെടുത്തി ഹർവിന്ദർ സിംഗും വിജയ് സുന്ദിയും കിരീടം സ്വന്തമാക്കി. പാരാ വനിതാ റിക്കർവ് ഡബിൾസിൽ പൂജ ജാത്യനും ഭാവന ചൗധരിക്കും വെള്ളി മെഡൽ ലഭിച്ചു. കോമ്പൗണ്ട് വിഭാഗത്തിൽ, ഇന്ത്യയുടെ തോമർ കുമാറും ശ്യാം സുന്ദർ സ്വാമിയും പുരുഷ ഡബിൾസ് കിരീടം നേടി.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## TN- ASSEMBLY CASTE CENSUS

ഓരോ സമൂഹത്തിന്റെയും സാമൂഹിക പദവിയുടെയും വ്യക്തമായ ചിത്രം ലഭിക്കാൻ കൃത്യമായ ജാതി സെൻസസ് അത്യാവശ്യമാണെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് തമിഴ്നാട് നിയമസഭ. ജാതി അടിസ്ഥാനമാക്കിയുള്ള സെൻസസിൽ എസ്‌സി/എസ്ടി, ഒബിസി എന്നിങ്ങനെ പൊതുവായ തരംതിരിക്കൽ മാത്രമാണ് ഉണ്ടായിരുന്നതെന്നും കൂടുതൽ സൂക്ഷ്മമായി തരംതിരിച്ചിട്ടില്ലെന്നും തമിഴ്നാട് വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## BIHAR - FLOOD

ബീഹാറിൽ പ്രളയക്കെടുതി രൂക്ഷം. ഗംഗ, ഗണ്ഡക്, കോസി, സോൺ നദികളിലെ ജലനിരപ്പ് താഴ്ന്നത് ചില പ്രദേശങ്ങളിൽ ആശ്വാസം നൽകുന്നുണ്ടെങ്കിലും മുംഗേർ, ഭാഗൽപൂർ എന്നിവിടങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിൽ ജലനിരപ്പ് ഇപ്പോഴും ഉയരുകയാണ്. 13 ജില്ലകളിലായി 27 ലക്ഷത്തിലധികം ആളുകളാണ് പ്രളയക്കെടുതി നേരിടുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋
❋❋❋❋